WEDNESDAY 09-11-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/11/2022.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. **2022 നവംബർ 21** വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

2. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനകളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം **നവംബർ മാസം പതിനാറാം തീയതിക്കകം** തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

3. സംസ്ഥാന വിള ഇൻഷുറൻസ് പ്രമീയം ഇനി മുതൽ കർഷകർക്ക് ഓൺലൈനായി അടയ്ക്കാം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴിയാണ് ഓൺലൈനായി പ്രീമിയം തുക അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുള്ളത്. ഡെബിറ്റ് /ക്രെഡിറ്റ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഡുകൾ വഴിയോ ഇന്റർനെറ്റ് ബാങ്കിംഗ് വഴിയോ, UPI സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ പ്രീമിയം തുക അടക്കുവാൻ കഴിയും. ഇതിനായി സംസ്ഥാന ട്രഷറി വകുപ്പിന്റെ സൗകര്യങ്ങളാണ് പോർട്ടലിൽ ബന്ധിപ്പിച്ചിരിക്കുന്നത്. AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച കർഷകരുടെ ലോഗിനിൽ തന്നെയാണ് പുതിയ സൗകര്യവും തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ പിന്നീട് എപ്പോൾ വേണമെങ്കിലും കർഷകന് സ്വന്തം ലോഗിനിൽ നിന്ന് പ്രിന്റ് എടുക്കുവാനും സാധിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

## പരിശീലന പരിപാടികൾ

4. ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നവംബർ 14 മുതൽ 19 വരെ **'ജൈവ കൃഷിക്കൊരു ആമുഖം'** എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **കമ്പോസ്റ്റ് നിർമ്മാണം, ജൈവ കൃഷിയുടെ വാണിജ്യ സാധ്യതകൾ, ഓർഗാനിക് സർട്ടിഫിക്കേഷൻ നടപടിക്രമങ്ങൾ** തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ പ്രായോഗിക പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9633406694** എന്ന ഫോൺ നമ്പറിൽ വിളിച്ച് നവംബർ 11 -നു 4 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2010 രൂപയാണ് ഒരാൾക്ക് ഫീസ്.

5. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 8,9 തീയതികളിൽ പശുവളർത്തൽ, 15,16 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 23-ന് ഇറച്ചിക്കോഴി വളർത്തൽ** എന്നീ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയങ്ങളിൽ **ക്ലാസ്സ് റൂം പരിശീലനവും 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനവും** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'ജൈവ കൃഷി പരിപാലനം'** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിൻറെ കാലാവധി. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2022 നവംബർ 27 നു മുമ്പായി രജിസ്റ്റർ ചെയ്യേി്താണ്. കൂടുതൽ വിശദശാംശങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **0487 2438567, 9497353389, 9567190858** എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. നവംബർ മാസത്തിലെ ആദ്യ രണ്ടാഴ്ച്ചകൾ കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറി വിളകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടുന്നതിനു അനുയോജ്യമായ സമയമാണ്. ഒക്ടോബർ ആദ്യ വാരത്തിൽ വിത്തിട്ടു മുളപ്പിച്ച തൈകളിൽ നിന്നും 30 ദിവസം പ്രായമായതും 4 മുതൽ 5 ഇല പരുവം എത്തിയതുമായ തൈകൾ ആണ് പ്രധാന കൃഷിയിടത്തിലേക്കോ ഗ്രോബാഗിലേക്കോ പറിച്ചുനടീലിനായി ഉപയോഗിക്കേണ്ടത്. പറിച്ചു നടീലിനായി നിലമൊരുക്കൽ പൂർത്തിയായ കൃഷിയിടങ്ങളിൽ 30 സെ.മീ ഉയരത്തിൽ വരമ്പുകൾ കോരി അതിൽ രണ്ടു വരികൾ തമ്മിൽ 60 സെന്റിമീറ്ററും രണ്ടു ചെടികൾ തമ്മിൽ 45 - 60 സെന്റീമീറ്ററും അകലത്തിൽ തൈകൾ പറിച്ചു നടാവുന്നതാണ്. ഗ്രോബാഗിലാണ് നടുന്നതെങ്കിൽ നട്ട ചെടികൾ 3 മുതൽ 4 ദിവസം തണലിൽ വച്ചതിനു ശേഷം നല്ല വെയിൽ കിട്ടുന്ന സ്ഥലത്തേക്ക് മാറ്റി വെക്കണം.